**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുനിരത്തുകൾ അപകടരഹിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ മൂടി നിർബന്ധമായും വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ, ജനസാന്ദ്രത കൂടിയ മേഖലകളിൽ മൂടി സ്ഥാപിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. കാൽനടയാത്രക്കാർ കൂടുതലായി എത്തുന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അവ പരിപാലിക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ലാബ് കവറിംഗുകൾ സ്ഥാപിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടിൽ അനുമതി നൽകിയിട്ടുണ്ട്. അത് അപകടങ്ങൾ കുറയ്ക്കാൻ സഹായകരമാകുന്നുണ്ട്. |
| (ബി) | മൂടിയില്ലാത്തതും പൊട്ടിത്തകർന്ന മൂടികളോട്ടു കൂടിയതുമായ കാനകൾ അപകടങ്ങൾക്ക് കാരണമാകുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ, ജനസാന്ദ്രത കൂടിയ മേഖലകളിൽ മൂടി സ്ഥാപിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. കാൽനടയാത്രക്കാർ കൂടുതലായി എത്തുന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അവ പരിപാലിക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ലാബ് കവറിംഗുകൾ സ്ഥാപിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടിൽ അനുമതി നൽകിയിട്ടുണ്ട്. അത് അപകടങ്ങൾ കുറയ്ക്കാൻ സഹായകരമാകുന്നുണ്ട്. |
| (സി) | പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | നിലവിൽ, കൂടുതൽ കാലം ഈട്ടു നിൽക്കുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതുമായ BM & BC റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ ഘട്ടം ഘട്ടമായി നിർമ്മിച്ചു വരുന്നു. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ BM & BC നിലവാരത്തിൽ upgrade ചെയ്തു വരുന്നു. പൊതു നിരത്തുകൾ അപകടരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളിൽ സുരക്ഷ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയർ, studs, OHM, |

| | | | | |
|---|---|---|---|---|
| | | | | അത്യാവശ്യമുള്ള ഇടങ്ങളിൽ കാനകൾക്ക് മൂടി എന്നിവ പ്രവൃത്തികളിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു വരുന്നു. നിരത്തുകൾ ജന സൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട്, മതിയായ സ്ഥലങ്ങളിൽ Pedestrian crossings, footpath, cycle track, ബസ് ഷെൽട്ടർ എന്നിവയും പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>യഥാസമയങ്ങളിൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക, റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കി കൂടുതൽ കാലം റോഡ് ഈട് നിൽക്കുന്നതിനായി ഓടകൾ, കാനകൾ തുടങ്ങിയവയിൽ നീരൊഴുക്ക് സുഗമമാക്കുന്നതിനായി മാലിന്യങ്ങൾ നീക്കം ചെയ്യുക, അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുക, വെള്ളക്കെട്ട് ഒഴിവാക്കുക, കുഴികൾ അടയ്ക്കുക തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി റോഡ് അപകടരഹിതമാക്കുന്നതിനായി Running Contract, Pre-mansoon works -ൽ ഉൾപ്പെടുത്തി പരിപാലിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുവഴി റോഡുകളെ കൂടുതൽ അപകട രഹിതവും ജനസൗഹൃദവും ആക്കി മാറ്റാൻ കഴിയും.<br><br>കൂടാതെ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും സർക്കാർ സ്ഥാപനങ്ങളും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം ഫണ്ട് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ